**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2410** **02-08-2021 - ൽ മറുപടിയ്ക്ക്**

**ദേശീയപാത-744**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാത-744 കിഫ്ബി സഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള പദ്ധതിയുടെ അലൈൻമെന്റ് നിർണ്ണയം പൂർത്തിയായിട്ടുണ്ടോ; | (എ) | ദേശീയപാത 744-ൽ കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് ജംഗ്ഷൻ വരെ 3 കി.മി നാലു വരിപ്പാതയാക്കുന്നതിനും കുണ്ടറ പള്ളിമുക്ക് ജംഗ്ഷനിൽ ഫ്ളൈ ഓവറും റെയിൽവേ മേൽപ്പാലവും നിർമ്മിക്കുന്നതിനും കിഫ്.ബിയിൽ ഉൾപ്പെടുത്തി 447.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെടുന്ന കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് ജംഗ്ഷൻ വരെയുള്ള 4 വരിപാതയിൽ ഡ്രാഫ്റ്റ് അലൈൻമെന്റ് പൊതുമരാത്ത് വകുപ്പ് ഡിസൈൻ വിംഗ് തയ്യാറാക്കി നൽകിയിട്ടുണ്ട്. പള്ളിമുക്ക് ജംഗ്ഷനിലെ ഫ്ളൈ ഓവർ മേൽപ്പാല നിർമ്മാണം എന്നിവയുടെ അലൈൻമെന്റ് ഡ്രായിംഗ്സ് തയ്യാറാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറുടെ മേൽനോട്ടത്തോടുകൂടി പ്രസ്തുത പ്രവൃത്തിയുടെ പദ്ധതി നിർവ്വഹണ ഏജൻസിയായി തീയതിയിലെ നിയമിച്ചിട്ടുണ്ട്. കോയിക്കൽ മുതൽ കരിക്കോട് വരെയുള്ള 4 വരിപാതയുടെ മണ്ണ് പരിശോധന ട്രാഫിക് സ്റ്റഡി എന്നിവ നടത്തി , റിപ്പോർട്ട് പാലങ്ങൾ ഡിസൈൻ ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗിന് നൽകിയിട്ടുണ്ട്. പള്ളിമുക്ക് ജംഗ്ഷനിലെ ഫ്ളൈ ഓവർ റെയിൽവേ മേൽപ്പാലം എന്നിവയുടെ നിർമ്മാണത്തിനായുള്ള ടോപ്പോഗ്രാഫിക്കൽ സർവ്വേ നടന്നുവരുന്നു. ഇതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ RTFA Infra Pvt. Ltd. എന്ന ഏജൻസി കരാർ ഏറ്റെടുത്ത് നൽകിയ സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പൊതുമരാ- മത്ത് വകുപ്പ് ഡിസൈൻ വിംഗിന് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ